"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-കേരള അഗ്നിരക്ഷാ സേവനം-സീനിയർ ഫയർ & റസ്ക്യൂ ഓഫീസർ (മെക്കാനിക്) ശ്രീ.റാബി എം. എസ്. ഫയൽ ചെയ്ത ഒ.എ.(ഇ.കെ.എം.)847/2024 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അന്തിമ ഉത്തരവ് നടപ്പിലാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആഭ്യന്തര(എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2571/2024/HOME തീയതി,തിരുവനന്തപുരം, 03-09-2024

പരാമർശം:- 1. ശ്രീ.റാബി.എം.എസ് ന്റെ 01/07/2024 ലെ അപേക്ഷ.

2. ഒ.എ.(ഇ.കെ.എം) 847/2024 ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 04.07.2024 തീയതിയിലെ ഉത്തരവ്.
3. അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറലിന്റെ 31/07/2024 ലെ FIREHQ/1708/2024-E4 നം കത്ത്.

**ഉത്തരവ്**

അഗ്നിരക്ഷാ സേവന വകുപ്പിൽ സീനിയർ ഫയർ & റസ്ക്യൂ ഓഫീസർ (മെക്കാനിക്) നം.2086 ആയ ശ്രീ.റാബി എം.എസിന് പൊതു സ്ഥലം മാറ്റത്തിൽ അങ്കമാലി നിലയത്തിലേക്ക് സ്ഥലംമാറ്റം ലഭിക്കാത്തതിനെ തുടർന്ന് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഒ.എ.(ഇ.കെ.എം)847/2024 ഫയൽ ചെയ്തു. ഈ കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) ലെ ഉത്തരവിൽ, ഉത്തരവ് ലഭ്യമായി 6 ആഴ്ച്ചയ്ക്കകം ശ്രീ.റാബി.എം.എസ് സമർപ്പിച്ച Annexure A-8 പരിഗണിച്ച് അനുയോജ്യമായ ഉത്തരവ് കൈക്കൊള്ളുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദേശിച്ചിരുന്നു.

2) 10/11/1997 ൽ സർവീസിൽ പ്രവേശിച്ച ശ്രീ.റാബി.എം.എസ് 06/05/2023 ൽ ഗ്രേഡ് അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ (മെക്കാനിക്) തസ്തികയിൽ കോട്ടയം ഫയർ & റസ്ക്യൂ സ്റ്റേഷനിൽ സേവനം അനുഷ്ഠിക്കവേ കോതമംഗലം ഫയർ സ്റ്റേഷനിലേക്ക് സ്ഥലംമാറ്റപ്പെട്ടു എന്നും ഒരു വർഷം പൂർത്തിയായ ഉടനെ ഗാന്ധിനഗർ നിലയത്തിലേക്ക് സ്ഥലംമാറ്റുകയുണ്ടായി എന്നും 2024 ൽ ജനറൽ ട്രാൻസ്ഫറിന് അങ്കമാലി സ്റ്റേഷനിലേക്ക് അപേക്ഷിച്ചെങ്കിലും കരട് സ്ഥലംമാറ്റ ഉത്തരവിൽ തൃക്കാക്കര നിലയത്തിലേക്കാണ് ഉൾപ്പെട്ടതെന്നും ഇതിനെതിരെ പരാതി ഉന്നയിച്ചിരുന്നെങ്കിലും ശ്രീ.റാബി എം.എസിനെക്കാൾ സർവ്വീസിൽ രണ്ട് വർഷം ജൂനിയറായ ജീവനക്കാരനെയാണ് അങ്കമാലി നിലയത്തിൽ നിയമിച്ചതെന്നും സർവീസിൽ നിന്നും വിരമിക്കാൻ രണ്ട് വർഷം മാത്രം ബാക്കിയുള്ളതിനാൽ അങ്കമാലി നിലയത്തിലേക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്നും പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

3) അങ്കമാലി സ്റ്റേഷനിലേക്ക് സ്ഥലമാറ്റം ലഭിച്ചത് ഒരു സീനിയർ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ (മെക്കാനിക്) ആയിരുന്നു എന്നും, അദ്ദേഹത്തിന് സ്ട്രോക്ക് വന്നതിനാൽ അനുകമ്പാർഹമായ സാഹചര്യത്തിലാണ് അങ്കമാലി സ്റ്റേഷനിലേക്ക് സ്ഥലമാറ്റം നൽകിയത് എന്നും, അതുകൊണ്ടാണ് ശ്രീ. റാബി എം.എസിന് അങ്കമാലി സ്റ്റേഷനിലേക്ക് സ്ഥലമാറ്റം നൽകാൻ കഴിയാതിരുന്നതെന്നും സ്പാർക്ക് സംവിധാനത്തിലൂടെ വകുപ്പിലെ സ്ഥലമാറ്റ നടപടികൾ ആരംഭിച്ചതിന് ശേഷമാണ് ജീവനക്കാർക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് വേണ്ടി 06.05.2024 ലെ സർവീസ് ഉത്തരവ് നം.93/2024 പ്രകാരം സീനിയർ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ (മെക്കാനിക്) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയതെന്നും ഈ ഉത്തരവ് പ്രകാരം, സ്പാർക്ക് സംവിധാനത്തിലൂടെ സീനിയർ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ (മെക്കാനിക്) തസ്തികയിലെ പൊതു സ്ഥലമാറ്റ നടപടികൾ ആരംഭിച്ചിട്ടുള്ളതിനാൽ, അത് പൂർത്തിയാകുമ്പോൾ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചവരെ സ്ഥലമാറ്റം ചെയ്യുന്നതാണ് എന്ന വ്യവസ്ഥ പ്രകാരമാണ് പ്രസ്തുത ജീവനക്കാരനെ സ്ഥാനക്കയറ്റം നൽകി ഇടുക്കി സ്റ്റേഷനിലേക്ക് നിയമിച്ചതെന്നും പൊതു സ്ഥലമാറ്റം നടത്തിയ വേളയിൽ, സ്ട്രോക്ക് രോഗം ഉള്ളതിനാൽ അനുകമ്പാർഹമായ പരിഗണന നൽകിയാണ് അങ്കമാലി സ്റ്റേഷനിലേക്ക് നിയമിച്ചതെന്നും അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറൽ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ശ്രീ. റാബി എം.എസ്. 1997-ൽ

സർവീസിൽ പ്രവേശിച്ചതിനു ശേഷം 22 വർഷത്തോളം എറണാകുളം ജില്ലയിൽ ജോലി ചെയ്തിട്ടുണ്ടെന്നും അദ്ദേഹത്തിന്റെ സേവന കാലയളവിൽ 13 വർഷം അങ്കമാലി സ്റ്റേഷനിലാണ് ജോലി ചെയ്തിട്ടുണ്ടായിരുന്നതെന്നും കോതമംഗലം സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയാക്കിയിട്ടില്ലായിരുന്നെന്നും ഡയറക്ടർ ജനറൽ റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്നു

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അങ്കമാലി നിലയത്തിലേക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിന് സീനിയർ ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ (മെക്കാനിക്ക്) ശ്രീ.റാബി.എം.എസ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ മേൽ കാരണങ്ങളാൽ നിരസിച്ചും ഒ.എ(ഇ.കെ.എം) 847/2024 നമ്പറിലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) ലെ ഉത്തരവ് ഇപ്രകാരം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ, ഫയർ & റസ്ക്യൂ സർവീസസ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് മുഖേന)
ശ്രീ.റാബി.എം.എസ്, ഫയർ & റസ്ക്യൂ ഓഫീസർ (ഡ്രൈവർ) (ഡയറക്ടർ ജനറൽ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shabeer S
സെക്ഷൻ ഓഫീസർ
Date: 03-09-2024 17:07:35